# കൃപയിൽ നിറഞ്ഞ ജീവിതം

## ലൂക്കോസ് 1:28–30

**"ദൂതൻ അവളുടെ അടുത്തുചെന്നു. "കൃപ ലഭിച്ചവളെ നിനക്ക് വന്ദനം. കർത്താവ് നിന്റെ കൂടെ ഉണ്ട്" എന്നു പറഞ്ഞു. അവൾ ആ വാക്ക് കേട്ട് ഭ്രമിച്ചു. ഇത് എന്തൊരു വന്ദനം എന്ന് വിചാരിച്ചു. "ദൂതൻ അവളോട്, മറിയയേ, ഭയപ്പെടേണ്ട, നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു"**

രക്ഷകന്റെ മാതാവായി തീരാനുള്ള യോഗ്യത മറിയയ്ക്ക് ലഭിച്ചത് ദൈവത്തിന്റെ കൃപയാലാണ്. ദൂതൻ കൃപ ലഭിച്ചവളെ എന്ന് വന്ദനം പറയുന്നത് ആ നിലയിലാണ്. അനേകർ ആഗ്രഹിച്ചിട്ട് ലഭിക്കാതിരുന്ന ഭാഗ്യം മറിയക്ക് ദൈവകൃപയാൽ മാത്രം ലഭിച്ചു. കർത്താവിന്റെ അമ്മയായിത്തീരുവാൻ സ്വർഗ്ഗം മറിയയിൽ ചില പ്രത്യേക സ്വഭാവ ഗുണങ്ങൾ കണ്ടിരുന്നു എന്നതിൽ സംശയമില്ല. മറിയയുടെ ദൂതനോടുള്ള പ്രതികരണ ങ്ങളിൽനിന്ന് ആ സ്വാഭാവഗുണങ്ങളിൽ ചിലതിനെ നമുക്ക് മനസ്സിലാക്കാം.

1. **ലൂക്കോസ് 1:38** "ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് പോലെ എന്നിൽ ഭവിക്കട്ടെ എന്ന് പറഞ്ഞു." താഴ്മയുടെയും, വിനയത്തിന്റെയും, തന്നെ പൂർണ്ണമായി ദൈവകരങ്ങളിൽ സമർപ്പിക്കുന്നതിന്റെയും വാക്കുകളാണിത്. ദൈവത്തിന്റെ ഹിതം തന്നിലൂടെ നിറവേറുന്നതിന്, എന്തു ത്യാഗവും സഹിക്കുന്നതിനും, അതിലൂടെ തനിക്ക് വരാമായിരുന്ന അപമാനത്തെ ഏറ്റെടുക്കുകയും ചെയ്യുന്ന മറിയയെ വചനം നമുക്ക് കാണിച്ചു തരുന്നു.

   **യാക്കോബ് 4:6,7 ൽ** ഇപ്രകാരം പറയുന്നു. "ദൈവം നിഗളികളോട് എതിർത്ത് നിൽക്കുകയും താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്നു." ദൈവ സ്നേഹത്തിന്റെ തീക്ഷ്ണതയും മനുഷ്യാത്മാവിന്റെ വാഞ്ചയും ഒരുമിച്ച് വരുമ്പോഴാണ് അധികം കൃപ ലഭിക്കുന്നത്. ഇത് രണ്ടും മറിയയുടെ ജീവിതത്തിൽ സംയോജിച്ച് വന്നതായി നമുക്ക് കാണാം. **സദൃശവാക്യം 3:34 ൽ** "പരിഹാസികളെ അവൻ പരിഹസിക്കുന്നു, എളിയവർക്കോ അവൻ കൃപ നൽകുന്നു" എന്ന് നാം കാണുന്നു. താഴ്മ എന്ന ഏകപദത്തിൽ ക്രിസ്തീയധർമ്മം മുഴുവൻ അടങ്ങിയിരിക്കുന്നു. മാത്രമല്ല ദൈവമുമ്പാകെയും മനുഷ്യരുടെ മുമ്പാകെയും

ഉയർച്ചയ്ക്കുള്ള ഏകമാർഗ്ഗവും താഴ്മയാണ്. സദൃശവാക്യം 15:33, 22:4 വാക്യങ്ങളിൽ താഴ്മയുടെ ശ്രേഷ്ഠതകളെക്കുറിച്ച് പറയുന്നു.

1. മാനത്തിന് വിനയം മുന്നോടിയാകുന്നു. (സദൃശവാക്യം 15:33)
2. താഴ്മയ്ക്കും യഹോവ ഭക്തിക്കുമുള്ള പ്രതിഫലം ധനവും മാനവും ജീവനുമാകുന്നു. (സദൃശവാക്യം 22:4)

**2.** ലൂക്കോസ് 1:39 "ആ നാളുകളിൽ മറിയ എഴുന്നേറ്റ് മലനാട്ടിൽ ഒരു യഹൂദ്യ പട്ടണത്തിൽ ബന്ധപ്പെട്ട് ചെന്ന് സെഖര്യാവിന്റെ വീട്ടിലെത്തി എലിസബത്തിനെ വന്ദിച്ചു." ദൈവം തന്നിലേക്ക് പകർന്ന കൃപയെ താഴ്മയോടെ സ്വീകരിച്ച് അത് മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാൻ ബദ്ധപ്പെടുന്ന മറിയയെ നാം ഇവിടെ കാണുന്നു. കൃപ ലഭിച്ച ഒരു വ്യക്തി ആത്മപ്രേരിതമായി മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുവാൻ തയ്യാറാകും. ഏത് ബദ്ധപ്പാടും ശുശ്രൂഷയ്ക്കുവേണ്ടി സഹിക്കുന്നതിന് ഇപ്രകാരമുള്ള വ്യക്തികളെ ദൈവം പ്രാപ്തരാക്കുകയും ശക്തീകരിക്കുകയും ചെയ്യുന്നു. മത്തായി 20:26 27 ൽ "നിങ്ങളിൽ മഹാനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരനാകേണം, നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസനാകേണം" എന്ന് നാം വായിക്കുന്നു.

**3.** ലൂക്കോസ് 1:46 "അപ്പോൾ മറിയ പറഞ്ഞത് എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു. എന്റെ ആത്മാവ് രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു." ഉള്ളത്തിൽ എപ്പോഴും കർത്താവിനെ മഹിമപ്പെടുത്തുന്ന സ്വഭാവവും, തന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്ന ആത്മാവിന്റെ ഒരവസ്ഥയും നാം ഇവിടെ കാണുന്നു. 1 ശമുവേൽ 2–ാം അദ്ധ്യായത്തിൽ ഹന്നയുടെ സ്തുതിഗീതവും ഇതേ വാക്കുകളിൽ നിറഞ്ഞിരിക്കുന്നതായി നമുക്ക് കാണാം. യഹോവയിൽ ആനന്ദിക്കുന്ന ഹൃദയവും രക്ഷയുടെ സന്തോഷവും അവിടെ ഹന്നയുടെ പ്രാർത്ഥനയിൽ നാം കാണുന്നു. ദൈവകൃപ ലഭിച്ച ഏതൊരു വ്യക്തിയും, ഹന്നയെയും മറിയയെയും പോലെ യഹോവയിൽ ആനന്ദിച്ച് രക്ഷയിൽ സന്തോഷിക്കേണ്ടതാകുന്നു.

ഈ നാളുകളിൽ ദൈവകൃപയുടെ നിരന്തരമയ ഒഴുക്കിന് ഇടയാകുംവണ്ണം നമ്മുടെ ജീവിതം നയിക്കുന്നതിൽ ശ്രദ്ധ പതിപ്പിക്കുവാൻ എപ്പോഴും ശ്രമിക്കാം. ലഭിച്ച കൃപകളെ അനേകരിലേക്ക് പകർന്നു കൊടുക്കുവാൻ ദൈവാത്മാവിൽ ശക്തിപ്പെടാം. അതോടൊപ്പം ഉള്ളത്തിൽ എപ്പോഴും സ്തുതി സ്തോത്രങ്ങളിൽ കർത്താവിനെ മഹത്വപ്പെടുത്തി

രക്ഷയിൽ സന്തോഷിച്ച് കർത്താവിന്റെ മടങ്ങിവരവിനായി പ്രത്യാശയോടെ കാത്തിരിക്കാം.

പരാമർശം:

യാക്കോബ് 4:6

എന്നാൽ അവൻ അധികം കൃപ നല്കുന്നു; അതുകൊണ്ടു “ദൈവം നിഗളികളോടു എതിർത്തുനിൽക്കയും താഴ്മയുള്ളവർക്കു കൃപ നല്കുകയും ചെയ്യുന്നു” എന്നു പറഞ്ഞിരിക്കുന്നു.

## സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 024